(ഡി) എൻഡോസൾഫാൻ കീടനാശിനി കമ്പനിക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലാണ് പ്രധാനമായും ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ ഇടുക്കി, പാലക്കാട് ജില്ലകളിൽ അനധികൃതമായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും എൻഡോസൾഫാൻ കൊണ്ടുവന്ന് തളിക്കുന്നുണ്ടെന്ന മാധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റുകളിൽ നിയന്ത്രണം കർശനമാക്കിയിട്ടുണ്ട്. ഇതിനെക്കുറിച്ച് വിശദമായ പരിശോധനകൾ നടത്തിവരുന്നു.

(ബി) എൻഡോസൾഫാൻമൂലം ദുരന്തം ഉണ്ടായ കാസർഗോഡ് ജില്ലാകളക്ടർ കൺവീനറായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ രൂപീകരിച്ച് ദുരിത ബാധിതർക്ക് സഹായം നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ കാസർകോഡ് ജില്ലയിൽ എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്ക് പ്രതിമാസം 2,000 രൂപ വീതവും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1,000 രൂപ വീതവും സാമൂഹ്യക്ഷേമ വകുപ്പുവഴി ധനസഹായം നൽകിവരുന്നു.

(സി) എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗം കേരളത്തിൽ നിരോധിച്ചുകൊണ്ട് 2002-ൽ സംസ്ഥാന സർക്കാരും 31-10-2006-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കേന്ദ്ര സർക്കാരും 20-11-2010-ലെ വിജ്ഞാപനപ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ഉത്തരവ് ഇറക്കിയിട്ടുണ്ട്. കേരളത്തിൽ എൻഡോസൾഫാന്റെ ഉപയോഗം പൂർണ്ണമായും നിരോധിച്ച് ഉത്തരവുണ്ടായ സാഹചര്യത്തിൽ ഒരു കീടനാശിനി ഡിപ്പോവഴിയും എൻഡോസൾഫാന്റെ വിതരണം നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് ഈ കീടനാശിനികൊണ്ടുവരുന്നത് ഒഴിവാക്കുന്നതിനായി ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തിവരുന്നുണ്ട്. എല്ലാ കീടനാശിനികളുടെയും വിവേചനരഹിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി ഓഫീസറുടെ കുറിപ്പടിയോടുകൂടി മാത്രമേ വില്പന നടത്താൻപാടുള്ളൂ എന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഡി) കൊച്ചിയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡിനോട് എൻഡോസൾഫാൻ കേരളത്തിൽ വിതരണംചെയ്യാൻ പാടില്ലായെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച ധനസഹായം

85 (99) ശ്രീ. പള്ളിപ്രം ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച ധനസഹായം വിതരണം ചെയ്യുന്നതിന് ഇനി എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ കൊടുത്തുതീർക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനസഹായം അനുവദിച്ചവർക്ക് അത് ലഭിക്കുന്നതിനും ഇതു സംബന്ധിച്ച് റവന്യു ഓഫീസുകളിൽനിന്നും വിവരം നൽകുന്നതിലും ഉള്ള കാലതാമസം ഒഴിവാക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം 15-9-2010-വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

86 (100) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും താഴെപ്പറയുന്ന ഇനങ്ങളിൽ അനുവദിച്ച തുക എത്രയാണ് ;

1. ചികിത്സാ സഹായം
2. അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അനുവദിച്ച സഹായം

ഉത്തരം

നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

പാലം തകർന്ന് പരിക്കുപറ്റി ചികിത്സയിൽ പ്രവേശിപ്പിച്ച കുട്ടികൾക്കുള്ള ധനസഹായം

87 (101) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വടകര മണ്ഡലത്തിലെ ചോറോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ കനാൽപ്പാലം കടന്ന് പോകവെ പാലം തകർന്ന് പരിക്കുപറ്റി ചികിത്സയിൽ പ്രവേശിപ്പിച്ചതിനുശേഷം എം.എൽ.എ. എന്ന നിലയിൽ ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ സഹായധനത്തിനുള്ള അപേക്ഷ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിച്ചതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും കുട്ടികൾക്ക് എത്ര രൂപ സഹായധനം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

സഹായധനത്തിനുള്ള അപേക്ഷ സർക്കാർ പരിഗണിച്ചുവരുന്നു.

അപകടമരണം സംഭവിച്ചവർക്ക് നൽകിയ ധനസഹായം

88 (102) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ച തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് ; അവരുടെ വിവരങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly